# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 6436 08.11.2016- ൽ മറുപടിക്ക്**

**വൈഗ ത്രഡ്സ് കമ്പനിക്കു പാട്ടത്തിന് നൽകിയിരുന്ന ഭൂമി തിരിച്ചെടുക്കുവാൻ നടപടി**

| ചോദ്യം<br>ശ്രീ.ബി.ഡി.ദേവസ്സി | ഉത്തരം<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) കൊരട്ടി വൈഗ ത്രഡ്സ് കമ്പനി പ്രവർത്തനരഹിതമായി വർഷങ്ങൾ പിന്നിട്ടിട്ടും, പ്രസ്തുത കമ്പനിയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിച്ചിട്ടില്ലയെന്നതു ശ്രദ്ധിച്ചിട്ടുണ്ടോ; തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കോടതി നടപടികൾ കാലതാമസം ഇല്ലാതെ പൂർത്തീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (എ) വൈഗൈ ത്രെഡ്സ് എന്ന കമ്പനിയുമായി ബന്ധപ്പെട്ട അടച്ചു പൂട്ടുന്ന വിഷയങ്ങൾ ബഹു.കർണ്ണാടക ഹൈക്കോടതിയുടെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ കേരളസർക്കാരിന്റെ ക്ലെയിം സമർപ്പിക്കുന്നതിന് ക്ലെയിം സ്റ്റേറ്റ്മെന്റ് സ്റ്റാൻഡിംഗ് കൗൺസിലിന് കൈമാറിയിട്ടുണ്ട് |
| (ബി) കമ്പനിക്ക് സർക്കാർ പാട്ടത്തിന് നൽകിയിരുന്ന ഭൂമി, കമ്പനി പ്രവർത്തനം അവസാനിപ്പിച്ച സാഹചര്യത്തിൽ തിരിച്ചെടുത്ത് കൊരട്ടി . ഇൻഫോപാർക്കിന്റെ നവീകരണത്തിനും, മറ്റു പൊതു വികസന ആവശ്യങ്ങൾക്കുമായി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) വൈഗ ത്രെഡ്സ് കമ്പനിയിൽ നിന്നും സർക്കാർ ഏറ്റെടുത്ത 45.43 ഏക്കർ ഭൂമിയിൽ നിന്നും ഇൻഫർമേഷൻ ടെക്നോളജി വകുപ്പിന് 30 ഏക്കർ ഭൂമി കൈമാറിയിട്ടുണ്ട്. ബാക്കിയുള്ള 15.43 ഏക്കർ ഭൂമിയിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി ഭൂമി അനുവദിക്കുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ തീരുമാനമായിട്ടില്ല. |

സെക്ഷൻ ഓഫീസർ